പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T2246

18.06.2013-ൽ മറുപടിയ്ക്ക്

## കാഷ്യൂ ബോർഡ്

ചോദ്യം

ശ്രീ.പി.കെ. ഗുരുദാസൻ

ഉത്തരം

ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി

( വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കാഷ്യൂ ബോർഡ് കൊല്ലത്ത് സ്ഥാപിക്കുന്നതിന് വേണ്ടി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്ന് വ്യക്തമാക്കുമോ; | (എ) കൊല്ലം ആസ്ഥാനമായി കേരള സർക്കാർ കാഷ്യൂ ബോർഡ് രൂപീകരിക്കുന്നതിന് 6/10/2007-ന് അന്നത്തെ കേന്ദ്ര വ്യവസായ/വാണിജ്യ വകുപ്പ് മന്ത്രി ശ്രീ. കമൽ നാഥിന് കത്ത് നൽകുകയും തുടർന്ന് 10/12/2007-ൽ കേന്ദ്ര പ്രതിരോധമന്ത്രി ശ്രീ. എ.കെ. ആന്റണിക്കും 28/10/2008-ൽ പ്രവാസികാര്യമന്ത്രി ശ്രീ. വയലാർ രവിക്കും സംസ്ഥാന തൊഴിൽ വകുപ്പ് മന്ത്രിയും 16/12/2008-ൽ പ്രധാനമന്ത്രിയ്ക്ക് മുഖ്യമന്ത്രിയും കത്തെഴുതിയിട്ടുണ്ട്. ഈ നിർദ്ദേശം കേന്ദ്ര എക്സ്പെന്റീച്ചർ വകുപ്പിന്റെയും, കാർഷിക വകുപ്പിന്റെയും അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ടെന്ന് 23/12/2008-ലെ കത്ത് മുഖാന്തിരം കേന്ദ്ര വാണിജ്യ വകുപ്പ് മന്ത്രി കേരള സർക്കാരിനെ അറിയിച്ചിരുന്നു. ഇതിനെതുടർന്ന് ഇതേ ആവശ്യം ഉന്നയിച്ച് ബഹു. മുഖ്യമന്ത്രി 14/8/2012-ൽ ബഹു. പ്രധാനമന്ത്രിയ്ക്കും, ബഹു. കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രിക്കും കത്ത് അയച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | നിലവിൽ എന്തെല്ലാം തടസ്സങ്ങളാണുള്ളത് എന്നും അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ ? | (ബി) | കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെയും എക്സ്പെൻഡിച്ചർ വകുപ്പിന്റെയും അംഗീകാരം ലഭിക്കുന്നതിന് തടസ്സമുള്ളതായി കേന്ദ്ര സർക്കാർ 23/12/2008-ലെ കത്ത് മുഖാന്തിരം സംസ്ഥാന സർക്കാരിനെ അറിയിച്ചിരുന്നു. കാഷ്യൂ ബോർഡ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ വകുപ്പുകളുടെയും അഭിപ്രായ ഐക്യവും, അംഗീകാരവും ലഭിച്ചെങ്കിൽ മാത്രമേ ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂവെന്ന് കേന്ദ്ര വാണിജ്യ വകുപ്പ് മന്ത്രി 23/7/2009-ൽ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കാഷ്യൂ ബോർഡ് രൂപീകരിക്കുന്നതിന് പ്ലാനിംഗ് കമ്മീഷൻ ശുപാർശ ചെയ്ത സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുള്ള സാധ്യമായ എല്ലാ സഹകരണവും നൽകുമെന്ന് മുഖ്യമന്ത്രി തന്നെ ബഹു. പ്രധാനമന്ത്രിയെയും ബഹു. കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പ് മന്ത്രിയെയും 14/8/2012-ലെ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**